# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** — **08.03.2017-ൽ മറുപടിയ്ക്ക്**

## കേപ്പിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ.എം. നൗഷാദ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്തെന്ന് അറിയിക്കാമോ; | (എ) | കേപ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. കേപ്പിലെ വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ഫീസ് മാത്രമാണ് കേപ്പിന്റെ റവന്യൂ വരുമാനം. നിലവിൽ മുഴുവൻ സീറ്റുകളും നികത്താൻ കഴിയാത്തതുമൂലം വരുമാനത്തിൽ കുറവ് വരുന്നുണ്ട്. അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിശ്ചയിക്കുന്ന ശമ്പള ഘടന നടപ്പാക്കിയിട്ടുള്ളതിനാലും ഇതര ജീവനക്കാർക്ക് ഡി.എ. വർദ്ധനവ് അടക്കം ആനുകൂല്യങ്ങൾ നൽകുന്നത് മൂലവും റവന്യൂ ചിലവ് കൂടുന്നുണ്ട്. പല സ്ഥാപനങ്ങളുടെയും വരുമാനം ചെലവിനേക്കാൾ കുറവായതും നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും എ.ഐ.സി.റ്റി.ഇ. നോംസ് അനുസരിച്ച് നടത്തേണ്ടിവരുന്നതുമൂലമുള്ള ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കൂടിവരുന്നതും കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണ്. |
| (ബി) | സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സ്വാശ്രയ വിദ്യാഭ്യാസം എന്ന ലക്ഷ്യം നിറവേറ്റുന്നതിൽ സ്ഥാപനം എത്ര മാത്രം വിജയം നേടിയെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സർക്കാർ 1955-ലെ 12-ാം തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് രൂപം കൊടുത്ത സ്ഥാപനമാണ് കേപ്പ്. കേപ്പിന്റെ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബി.ടെക്ക് കോഴ്സിന് 60% സീറ്റ് മെറിറ്റടിസ്ഥാനത്തിൽ സംവരണ തത്വം പാലിച്ചും, 35% സീറ്റ് മാനേജ്മെന്റ് ക്വാട്ടയിലും, പൊതു എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നുമാണ് പ്രവേശനം നൽകുന്നത്. മുമ്പുണ്ടായിരുന്ന 15% എൻ.ആർ.ഐ സീറ്റിൽ 10% മെറിറ്റടിസ്ഥാനത്തിലേക്ക് മാറ്റി 5% ആയി കുറവുവരുത്തിയാണ് പുതിയ അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്.<br><br>ഈ വിദ്യാർത്ഥികൾക്കെല്ലാം തന്നെ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ഫീസ് ഇളവുകളും നൽകിവരുന്നു. |
| (സി) | സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് കേപ്പിനെ മുൻനിര സ്ഥാപനമാക്കി വളർത്താനായി ഏതു തരത്തിലുള്ള നടപടി ഉണ്ടാകുമെന്ന് അറിയിക്കാമോ? | (സി) | കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധി, വിദ്യാർത്ഥികളുടെ പ്രവേശന തോത്, പഠനാന്തരീക്ഷം, ജോലി സാധ്യത എന്നിവ പരിശോധിച്ചുകൊണ്ട് അടുത്ത 5 വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരുന്നു. കേപ്പിന്റെ കീഴിലുള്ള കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതി ഇനത്തിൽ തുക അനുവദിക്കുന്നതാണ്.<br><br>➔ സഹകരണവകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള professional education fund-ൽ നിന്ന് 2016-17-ൽ 18.6 കോടിരൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശമ്പളം, മറ്റു നിത്യചിലവുകൾ ഏറ്റെടുക്കുന്നതിന് Non-plan ഇനത്തിൽ തുക അനുവദിക്കുന്നു.<br><br>കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനം വിലയിരുത്തി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരുന്നു. |

- സ്ഥാപനങ്ങളിലെ വിജയശതമാനം ഇപ്പോഴത്തെ 60% ൽ നിന്ന് 85% ആയി മൂന്നുവർഷം കൊണ്ട് ഉയർത്തുക.
- സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഠന നിലവാരം ഉയർത്തും.
- സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി, Norms പ്രകാരമുള്ള faculty കളെ നിയമിച്ച്, നിശ്ചിത വിജയശതമാനം ഉറപ്പുവരുത്തുന്നതിനുള്ള MoU ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- NAC അക്രെഡിറ്റേഷൻ ഒരു വർഷത്തിനകം നേടിയെടുക്കുകയും, തുടർന്ന് എല്ലാ സ്ഥാപനങ്ങൾക്കും എൻ.ബി.എ. അക്രെഡിറ്റേഷൻ നേടുന്നതും ലക്ഷ്യമാണ്. കേപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു എന്നുറപ്പുവരുത്തുന്നതിന് job fair സംഘടിപ്പിച്ചുവരുന്നു. കൂടാതെ campus recruitment ഉം വിദ്യാർത്ഥികളെ കൂടുതൽ employable ആക്കുന്നതിനുള്ള പരിശീലന പരിപാടികളും ആവിഷ്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ